# Malayala Manorama
# 29 August 2018
# Kakkanad, After Flood, Measures



## കല്യാണത്തിനു ഐസ്ക്രീമും വെൽക്കം ഡ്രിങ്കും തൽക്കാലം വേണ്ട

കാക്കനാട് • വെള്ളപ്പൊക്കം മൂലം മാറ്റിവച്ച വിവാഹം ഉൾപ്പെടെയുള്ള ഒട്ടേറെ ആഘോഷങ്ങൾ ഉടൻ നടത്താനിരിക്കെ മാർഗനിർദേശങ്ങളുമായി ആരോഗ്യ വകുപ്പ്. വെൽക്കം ഡ്രിങ്ക്, ഐസ്ക്രീം, സാലഡ് തുടങ്ങിയവ കർശനമായി ഒഴിവാക്കണം.

ക്ലോറിനേറ്റ് ചെയ്ത വെള്ളം ഉപയോഗിച്ചു മാത്രമേ പാത്രങ്ങൾ കഴുകാനും ഭക്ഷണം പാകം ചെയ്യാനും പാടുള്ളൂ. പച്ചക്കറികളും പഴങ്ങളും ക്ലോറിനേറ്റ് ചെയ്ത വെള്ളത്തിൽ കഴുകിയെടുക്കണം.

പാചകം ചെയ്യുന്നവരും വിളമ്പുന്നവരും ഹെൽത്ത് കാർഡ് സൂക്ഷിക്കണം. കുടിക്കാൻ തിളപ്പിച്ചാറ്റിയ വെള്ളംമാത്രം നൽകുക. കുപ്പിവെള്ളം വിശ്വസനീയ കമ്പനികളുടേതുമാത്രം ഉപയോഗിക്കണം. അച്ചാർ, തൈര് തുടങ്ങിയവ ഗുണനിലവാരമുള്ളതാണെന്നുറപ്പാക്കണം. മോരിൽ ചേർക്കുന്നതു ക്ലോറിനേറ്റ് ചെയ്ത വെള്ളമായിരിക്കണം.